## വിവാഹ റെജിസ്ട്രേഷൻ

2008നു ശേഷമുള്ള എല്ലാ വിവാഹങ്ങളും സ്വന്തം പന്ചായത്തിൽ / കോർപ്പറേഷനിൽ / മുനിസിപ്പാലിററിയിൽ 2010 ഫെബ്രുവരി 28നു (മാർച്ച് 31 ןരെ നീട്ടി) മുമ്പ് റെജിസ്ററർ ചെയ്തു സർട്ടിഫിക്കററ് വാങ്ങേണ്ട താണ്. സമയ പരിധി കഴിഞ്ഞാൽ ആർ..ഡി..ഓ. യുടെ അനുവാദം വേണ്ടി വരും, പിഴയും അടക്കണം. 2009നു മുമ്പുള്ള വിവാഹങ്ങൾ റെജിസ്ററർ ചെയ്യണമെന്നു നിർബ്ബന്ധമില്ല; പക്ഷേ എന്തെങ്കിലും ആവശ്യം വരുമ്പോൾ (പുറത്തേക്കു പോകുന്നതിന്, കോടതി ആവശ്യങ്ങൾക്ക്, മുതലായവ) വിവാഹ റെജിസ്ട്രേഷൻ സർട്ടിഫിക്കററ് വേണ്ടിവരും.

- റെജിസ്ട്രേഷനുള്ള ഫോമുകൾ രണ്ടു കോപ്പി വീതം (ഭാര്യക്കും ഭർത്താവിനും) പന്ചായത്തിൽ / കോർപ്പറേഷനിൽ / മുനിസിപ്പാലിററിയിൽ നിന്നു സൗജന്യമായി ലഭിക്കുന്നതാണ്.
- ഭാര്യയും ഭർത്താവും ഒരുമിച്ചു നേരിട്ടു ഹാജരായി വേണം റെജിസ്ട്രേഷൻ നടത്താൻ, രണ്ടു ഫോമുകൾ വീതം പൂരിപ്പിച്ചു നത്കണം.
- അപേക്ഷയോടൊപ്പം നത്കേണ്ട രേഖകൾ
    - അ. വിവാഹ സർട്ടിഫിക്കററ് (ക്രിസ്ത്യാനികളെങ്കിൽ പള്ളിയിൽ വിവാഹം നടത്തിയതിൻെറ രേഖ.).
    - ഇ. ജനനതിയതി സർട്ടിഫിക്കററ് (എസ്.എസ്.എൽ.സി. വരെ പഠിച്ചവർ എസ്.എസ്.എൽ.സി. ബുക്കിൻെറ ഒന്നാം പേജിൻെറ സാക്ഷ്യപ്പെടുത്തിയ രണ്ടു കോപ്പികൾ; എസ്.എസ്.എൽ.സി. വരെ പഠിച്ചിട്ടില്ലാത്തവർ വയസ്സു തെളിയിക്കുന്ന, ഗസററഡ് ഉദ്യോഗസ്ഥൻ അററസ്ററു ചെയ്ത, അംഗീകൃത രേഖ).
    - ഉ. രണ്ടുപേരുടേയും വെവ്വേറെയുള്ള നാലു പാസ്പോർട്ടു സൈസു ഫോട്ടോകൾ
    - എ. സാക്ഷ്യപത്രം (ഗസററഡ് ഉദ്യോഗസ്ഥൻെറ / കോർപ്പറേഷൻ കൗൺസിലറുടെ /പന്ചായത്തു വാർഡു മെമ്പറിൻെറ)
    - ഏ. സാക്ഷ്യപ്പെടുത്തിയ തിരിച്ചറിയൽ രേഖ (എസ്.എസ്.എൽ. സി. ബുക്കിൻെറ ഒന്നാം പേജ് / ഇലക്ഷൻ കാർഡ് / ഡ്രൈവിംഗ് ലൈസൻസ് /പാസ് പോർട്ട് ഇവയിലൊന്ന്).
    - ക്ക. വിവാഹ റെജിസ്ട്രേഷൻ നടത്തണമെന്നു വെള്ള പേപ്പറിൽ എഴുതി 5 രൂപാ കോർട്ടുഫീ സ്ററാമ്പു ഒട്ടിച്ച അപേക്ഷ.
    - ട്ട. റെജിസ്ട്രേഷൻ ഫീ 15 രൂപാ.